551

ref
16948.

പഞ്ചമുഴി

4.812 1
KRI-N
UGC16948
MCL-MAL

നന്തകി

ഇന്ദ്രനീലപ്പീലി നീർത്തി
നിന്നിടന്നോ, കല്പനേ നീ?
ആടുകൊന്നെൻ മുന്നിൽ വന്നെ-
ന്നാടൽ തെല്ലൊന്നാറിടട്ടെ.
ഗാനവീചീവീഥികളിൽ
ഞാനുമാടിപ്പോകയല്ലേ?
എങ്ങെവിടേക്കെന്തിനെന്നതിൻ
ഭംഗിയിലലിഞ്ഞുമായാൻ?
ആരറിഞ്ഞു?—പോരു നീയും
ചാരിമതൻ പൊൻകിനാവേ!

ഓർക്കുകയാണിന്നു ഞാനാ-
പ്പൂക്കിനാക്കളം പൂത്തരാക്കളം
മഞ്ഞലിനിലാവിൽ മുങ്ങി
മഞ്ജിമയിൽ വാർന്ന രാക്കളം
നീലനിഴൽക്കിന്നരികളം
നീളെഗ്ഗാനംപെയ്ത രാക്കളം
എന്നെ മന്നിൽനിന്നെടുത്തു
വിണ്ണിലേക്കെറിഞ്ഞ രാക്കളം;
രാക്കയിലിൻ പാട്ട മോന്തി
മേല്ക്കുമേൽ മദിച്ച രാക്കളം!...

വാസനത്തേൻ വീഴ്ത്തി വീഴ്ത്തി
വാടി വാടി വീണ പൂക്കളം
കാമദസ്മൃതികളം പിന്നെ-
ക്കായ്ക്കുവാനായ് പോയ പൂക്കളം!

ഓർക്കുകയാണശ്രു താനേ
വാർക്കുകയാണെന്തിനോ ഞാൻ!
ആ നിശകളെന്റെ മുന്നി–
ലാടിയാടി നില്പു മന്നിൽ!...

കഷ്ടമിന്നതോർത്തിടുമ്പോഴും
പൊട്ടുകയാണെന്റെ ചിത്തം
ആരറിഞ്ഞു, ജീവിതത്തിൽ
ചേരുമോരോ വൈകൃതങ്ങളും?

കൂട്ടുകാരിമാരുമായി–
ക്കൂട്ടുകൂടിക്കൂടിയാടി
കാട്ടിലെക്കരിങ്കയിൽപോൽ
പാട്ടതിന്നു ഞാൻ വളർന്നു.
പേടമാൻകിടാവിനെപ്പോ–
ലാടലറു ഞാനലഞ്ഞു.
പിഞ്ചുമുല്ലവല്ലിപോലെ
പുഞ്ചിരിപ്പൂ ഞാൻ ചൊരിഞ്ഞു.
എന്റെ നാടേ നിന്മൂലപ്പാ–
ലുണ്ടെനിക്കെൻ കൺ വിടർന്നു.
ഇന്നു ധന്യേ, നീയെവിടെ?
മന്ദഭാഗ്യ ഞാനെവിടെ?

വിദ്യുതവിലാസഹാസം
വിസ്ഫുരിക്കും ദീപലക്ഷം
ഭിന്നവർണ്ണരശ്മി ചിന്നി
മുന്നിലെങ്ങും മിന്നി മിന്നി.

ആ മയൂഖസങ്കരമൊ–
രത്ഭുതാഭാധാരയായി
പങ്ക ചുറ്റിക്കാറ്റലക–
ളങ്കരിച്ചുലഞ്ഞുലാവി
പട്ടസാരിയൂർന്നൊഴുകി
പൊട്ടു തൊട്ടു പൂക്കം ചൂടി
ചഞ്ചലമൈക്കൺമുനയിൽ
പഞ്ചശരതീക്ഷ്ണതയും
ചെഞ്ചൊടിയിൽപ്പുഞ്ചിരിയും
തഞ്ചിടും തൈപ്പൈൺകൊടികം
വാമപാർശ്വപീഠസജ്ജ–
ഭൂമികയിൽ ചേർന്നിണങ്ങി.
അന്യഭോഗത്താത്തമോദം
ധന്യയുവകോമളന്മാർ
ഒത്തുചേർന്നോരീ വിശാല–
നൃത്തശാലാവേദികയിൽ,
ദേവലോകസഭാനടീപ്ല–
ാവസാന്ദ്രമേഖലയിൽ,
എന്നുടലിലംശുകശ്രീ
മന്ദഹാസം പെയ്തു നില്ക്കേ
വജ്രഹാരം വെട്ടിമിന്നി
വക്രതേജോരേഖ ചിന്നി.
അംഗുലീയകങ്കണങ്ങം
മംഗളാംശുകന്ദളങ്ങം

വീശി വീശി മാരിവിൽച്ചാർ
പൂശിപ്പൂശിപ്പഞ്ചിരിക്കേ;
പക്കമേളം പെയ്ത താളം
നക്കിയെൻ പദപ്രവാളം
സഞ്ചലിക്കേത്തൽക്രമത്തിൽ
പൊൻചിലമ്പൊലിയൊലിക്കേ;
എന്മനസ്സിൻ വേദനയെൻ–
കൺമുനയിൽക്കുമ്പിനിൽക്കേ,
ഭാവഹാവവീചികളെൻ–
ജീവനിൽനിന്നാഗമിക്കേ;
എന്നിൽനിന്നകന്നകന്നു
തന്നെയെങ്ങോ ചെന്നുചേർന്നു.
ഏതോ ദിവ്യവല്ലകിയെൻ
ചേതനയാൽ മീട്ടി മീട്ടി
കാണികൾക്കകക്കരുന്നിൽ
പ്രാണഹർഷമാരി വീഴ്ത്തി
ഞാനറിയാതെന്നിലേതോ
ഗാനമൂറിയൂറി നില്ക്കേ;
സ്വപ്നനൃത്തമാടി നിൽപൂ
വിശ്വവന്ദ്യനർത്തകി ഞാൻ!

എന്മനം ചിറകൊടിഞ്ഞെൻ–
ജന്മഭൂവിൽ വീണടിയേ
മഞ്ഞുലാവിപ്പൊന്നുഷസ്സിൻ
മഞ്ജിമയിൽ മുങ്ങി മുങ്ങി,

ഒന്നിനൊന്നണിയണിയായ്
കുന്നുകളും നിരന്നു മിന്നി
കാകളിത്തെളികളും ചോരും
കാനനാന്തരങ്ങളും തോറും
ചൂളമിട്ടു കാലിമേയ്ക്കും
ബാലകർതൻ ഗാനമൂറും
താഴ്വരച്ചുരുളുകളിൽ
തങ്കനൂൽക്കസവുകളംപോൽ
ചാലുകളൊലിച്ചുകുടി-
ച്ചോലയായിപ്പാട്ടു പാടി
ചോലകളോടൊത്തുചേർന്നു
ചേലിയന്ന വാഹിനികളും
ക്ഷാളിതമായ് ശ്യാമസസ്യ—
ശാലികാഢ്യമെന്റെ രാജ്യം.
അന്തിവിണ്ണിൻ പൂന്തൊടികളും-
ക്കെന്തുഴകാണെന്റെ നാട്ടിൽ!
കങ്കുമക്കുഴമ്പലിഞ്ഞു
തങ്കനീരിൽച്ചേർന്നൊഴുകി!
നീലലോഹിതോജ്ജ്വലാംശു-
മാലകളുമായിടഞ്ഞു.
തെന്നി നീങ്ങിപ്പച്ചയെച്ചെ-
ന്നൊന്നുരുമ്മിച്ചാഞ്ഞൊഴിഞ്ഞു.
പുഷ്യരാഗനീർ നിറഞ്ഞ
പുഷ്കരത്തിൽ നീന്തി മാഞ്ഞു

അല്പടിന്നവർണ്ണ ലക്ഷ–
വിഭ്രമങ്ങടം പൂത്തുലഞ്ഞു.
അഭ്രപത്രപാളികളി–
ലമ്പിളിപ്പൊൽക്കുമ്പൊളിഞ്ഞു

ശാന്തതയിൽ ശാന്തിയൂതി
നീന്തിയെത്തും ശംഖനാദം
കാലികയംതൻ ദീനയാന–
ലോലമണികാണഗാനം
രണ്ടുമൊത്തുചേർന്ന നേത്രോ–
രിണ്ടലോയ്ച്ചിരിച്ചൊലിക്കേ;
കണ്ണെടുക്കാൻ തോന്നിടാത്ത
വിണ്ണുമായിട്ടന്തി നില്ക്കേ;
ഒറ്റയായും പറ്റമായും
കൊറ്റികൾ തുടർച്ചയായി–
ട്ടെങ്ങുനിന്നോ പോന്ന പോന്നി–
ട്ടെങ്ങോ പോകും സ്വപ്നയാനം
ചിത്തരംഗം മർത്ത്യജന്മ–
തത്ത്വചിന്താസക്തമാക്കേ;
വർണ്ണലാസ്യം നീങ്ങി നീങ്ങി
വിണ്ണിലങ്ങിങ്ങല്പൊതുങ്ങി
താരകൾ കിളർന്ന ഭംഗി
താവി നിന്ന കണ്ണു ചിമ്മി
ലാലസിക്കെ ചന്ദ്രലേഖ
പാലെതിർക്കതിർ പൊഴിക്കേ:

കാറ്റിടയ്ക്കിടയ്ക്കു പുല്ലാ-
ങ്കാടകപ്പടർപ്പിളകി
ഛായമായാനൃത്തരംഗ-
മായ രാജ്യമെന്റെ രാജ്യം.
ഉച്ചവെയ്ല് ചോർന്നിടാത്തോ-
രുച്ചലോച്ചശാഖകളിൽ
കാകളിത്തെളി തുളുമ്പും
കാനനാന്തരങ്ങൾതോറും
നീളെനീളെച്ചൂളമിട്ടു
കാലിമേയ്ക്കും ബാലകന്മാർ
സ്ഫാടികശ്രീ പൂത്തിറങ്ങും
മൂടൽമഞ്ഞിൻമുന്നിലെങ്ങും
കാല്യകാന്തി മോന്തിനില്ക്കും
കായ്കനിത്തൊടികൾതോറും
നീലവേണി കെട്ടഴിഞ്ഞും
ലോലമേനി ചെറ്റുലഞ്ഞും
നെറ്റിയിന്മേൽ സ്വേദജാല-
മിറ്റിയിറ്റി വീണുതിർന്നും
നീർക്കണങ്ങൾ വീണ വീണ
നിർമ്മലാംശുകം നനഞ്ഞും
നീക്കുടം ചുമന്നു നില്ക്കും
മാക്കുടം തുളുമ്പി നില്ക്കും;
തൈച്ചെടി നനയ്ക്കുമോമൽ-
ക്കർഷകപ്പെൺപൂംകൊടികൾ

സസ്യലക്ഷ്മീ സേവകന്മാർ
സാത്വികന്മാർ കർഷകന്മാർ
വഞ്ചനയറിഞ്ഞിടാത്ത
നെഞ്ചകങ്ങളം സുന്ദരങ്ങളം
'പച്ചിലക്കുട്ടക്ക'പെയ്യും
സച്ഛഗാനത്തെന്മഴകളം—
പ്രാവു കുവും കാവു താവും
പൂവനങ്ങളം ശീതളങ്ങളം—
താമര പൂത്താടി നില്ക്കും
ശ്യാമളജലാശയങ്ങളം!—
സൗഹൃദങ്ങളം, സാന്ത്വനങ്ങളം
സൗമനസ്യകന്ദളങ്ങളം
സ്നേഹഭിക്ഷതി സേവനങ്ങളം
മോഹനാദർശാങ്കുരങ്ങളം!—
എത്ര രമ്യമെന്റെ രാജ്യം!
എത്ര ധന്യമെന്റെ രാജ്യം!
പുണ്യഭൂവേ ശപ്തയാം ഞാൻ
നിന്നെ വിട്ടകന്നുപോന്നു.
ഇന്നു ധന്യേ, നീയെവിടെ?
മന്ദഭാഗ്യ ഞാനെവിടെ?

അംഗജോപമോജ്ജ്വലാംഗ-
നെങ്ങനെ കുറ്റം ദേവൻ!
അപ്രതിമഗാത്രനങ്ങി-
ന്നസ്ഥിമാത്രശേഷനായി!—

മിന്നും രണ്ടു താരകംപോ–
ലിന്നുമുണ്ടോക്കണ്ണുമാത്രം.
നോക്കിടായ്കകൾകളാലെൻ–
നേക്കിനി,ട്ടുഹിച്ചുപോം ഞാൻ
മാപ്പുപോലും കേണിരക്കാൻ
മൽപ്രഭോ, ഞാനർഹയല്ല.
എന്നെയങ്ങെൻമുന്നിൽ വന്നു
നിന്നു നോക്കിക്കൊല്ലരുതേ.

മാന്മഥപ്പൊൻചെപ്പുകംകൈക്കെൻ
മാറൊരുക്കം കൂട്ടിനില്ലേ,
ലജ്ജ പൂത്തുലഞ്ഞു ഞാനൊ–
രപ്സരസ്സായ്ക്കു തോന്നി?
ആ മനസ്സിൻ മാധുരിയി–
ന്നാസ്വാദിപ്പതേതു സാദ്ധ്വി?

ആ മിഴിക്കുരം, തേനൊലിക്കു–
മാ മൊഴിക്കുരം, പുഞ്ചിരിക്കും,
കീഴ്മേലോക്കാതെ താനേ
കീഴടങ്ങും സ്ത്രീഹൃദയം
വഞ്ചകനാണുള്ളതപ്പൂ–
പ്പുഞ്ചിരിക്കു പിന്നിലെന്നാൽ,
എന്തു കാന്തി ദൂരെ നിന്നാൽ
എന്തു ചെന്തീയൊന്നുചേർന്നാൽ!
"പാട്ട, ഞാൻ പിന്നേറുപാടാം"
"പോടി കള്ളി, പാട്ട വേഗം"

പാടി ഞാൻ പെൺപൂങ്കുയിൽപോൽ
കൂടിയാരിണക്കയിൽപോൽ
കൂട്ടിലായിപ്പോയി ഞാനെൻ–
കൂട്ടുകാരനന്നു പറഞ്ഞു?
വഞ്ചകി ഞാൻ ദൈവമേ,യെൻ–
നെഞ്ചിടിപ്പൊട്ടങ്ങിയെങ്കിൽ!
പൊന്നുചട്ടക്കുട മിന്നും
കണ്ണാടയും നീണ്ട മെയ്യും
വെള്ളമുണ്ടും ഷർട്ടും തോളിൽ
വെള്ളത്തോർത്തും, ടോർച്ചുമായി
ചൂരലും ചുഴറ്റി മെല്ലെ–
ച്ചൂളമിട്ടപ്പോവതാരോ?
എൻകൂടിൽപ്പനമ്പുവാതി–
ലെന്തിനന്നു പാതി നീർന്നു!
ആ മിഴിക്കോണെന്നിലന്നെ–
ന്താത്മഹർഷമാഞ്ഞെറിഞ്ഞു?

വഞ്ചകി ഞാനിക്ഷണമെൻ
നെഞ്ചിടിപ്പൊട്ടങ്ങിയെങ്കിൽ!

രണ്ടു നീർക്കിളികളൊത്താ–
ക്കണ്ടൽത്തയ്യിൻ ചാഞ്ഞ കൊമ്പിൽ,
(കൊച്ചുലകം വന്നു പുല്കി–
പച്ചിലകം തങ്ങിനില്ക്കേ,)
കൊക്കുരുമ്മി.തേഞ്ഞു മായു–
മർക്കകാന്തിയാസ്വദിപ്പൂ!

നീർക്കടവും തുക്കിനിന്നു
പൊൽക്കിനാക്കളെ കാണ്മു ഹാ, ഞാൻ
"ആരുടെയാണീ പ്രപഞ്ചം ?"
ആൺകിളിയിച്ചോദ്യമിട്ടു.
"നമ്മുടെയാണീ പ്രപഞ്ചം"
പെൺമണിക്കിളി പറഞ്ഞു.
"നമ്മുടേതു മാത്രമാണോ ?"
"നമ്മുടേതു മാത്രമാണേ!"
"ഈയുലകിലാരുടെവം ?"
"ഈയുലകിലുള്ള ദൈവം !"
"എന്നെ നീ മറക്കുകില്ലേ ?"
"മന്നിലെന്റെ ജീവനല്ലേ ?"
കണ്ണിണ നിറഞ്ഞുപോയി
എന്നെ ഞാൻ മറന്നുപോയി !

"എന്തെടീ നീയാറുവക്ക-
ത്തെന്തു കണ്ടരണ്ടു നില്പൂ ?
തുള്ളീ വെള്ളത്തിനുവേണ്ടി-
ത്തൊള്ള വറ്റിത്തന്ത പാകേ.
പേക്കിനാവും കണ്ടു നില്പൂ
പേപിടിച്ച പ്രേതമേ, നീ !"

ഞെട്ടി ഞാനെൻകൈ തനിയേ
വിട്ടു വീണ മൺകുടവും
എത്ര ഖണ്ഡ,മെന്മനം പോ-
ലെത്ര ഖണ്ഡമക്കലശം !

"രണ്ടോമമ്മേ, മാപ്പുനൽകൂ
കണ്ടുപോയ് ഞാൻ സ്വപ്നമല്പം !"
എന്മനസ്സു കേണു—നാവിൽ
വന്നതില്ലൊരക്ഷരവും !
ആ മിഴിയെരിഞ്ഞെരിഞ്ഞ
തീമഴയിൽ ഞാൻ ദഹിക്കേ;
മൽസ്വതന്ത്രസ്വീതമേതോ
മത്സരമിരമ്പിനിന്നു.

"മത്തുകേറിപ്പേയുതിർക്കും
മർക്കടമല്ലച്ഛനിന്നും.....
നിന്റെ ജാരനായീ വെള്ളം—
കൊണ്ടുപോരാനാരു പോന്നു ?
അച്ഛനെച്ചതിപ്പൂ, നീ, നി—
ന്നിച്ഛകൾ കരിപിടിപ്പൂ !
ചിത്തതിലും കഷ്ടമായീ
ചിത്തശൂന്യേ നീ,യിരിപ്പൂ.
കല്മഷത്തിൻ കാതലേ,നീ—
യെന്മനസ്സിന്നെന്തറിഞ്ഞു ?
സ്വച്ഛ കുത്തും കാട്ടുതീയിൽ
ശ്ലേഷ്മരോഗത്തീപ്പൊരികൾ
മാലകോർത്തണിഞ്ഞലറും
മത്തയക്ഷിയല്ലെടീ ഞാൻ.
അക്കിളിയിണയ്ക്കു തുല്യം
നിഷ്കളങ്കജീവിയെന്നെ.....

നിർദ്ദയേ, നീ കൊല്ലുകെന്നാൽ
നിർത്തുകിക്കിരാതനൃത്തം.
നിന്റെ പാപം തിന്നൊടുങ്ങാൻ
നീ ജനിക്കും നൂറു ജന്മം."

അന്തി മാഞ്ഞു നാലുപാട-
മന്ധകാരമാഞ്ഞണഞ്ഞു.
നോക്കിനേൻ ഞാൻ പിന്നെയുമാ—
നീക്കിളികളെങ്ങു പോയി?
മിണ്ടിയില്ലാ തീ വമിച്ചും—
കൊണ്ടടനാ യക്ഷി മാറി.
കാറു നിന്നു—കല്ലിലൊന്നി—
ലാറുവക്കിൽ ഞാനിരുന്നു.
താങ്ങാനാവാതുള്ള പൊട്ടി—
ത്തേങ്ങിയേങ്ങി ഞാൻ കരഞ്ഞു.
സർവ്വവും മറന്നു ഞാനെൻ
ദുർവ്വിധിയിലൊട്ടിനിന്നു.
മഞ്ഞു വീണു—തീയുതിർത്തു
മന്മനം—ഹാ, ഞാൻ വിയർത്തു
ക്രൂരിരുട്ടിൻ കട്ടികൂടി
താരകളിൽ തങ്കമാടി
നത്തു മൂളി,ക്കാട്ടുവള്ളി—
പ്പൊത്തിൽ ദൂരെപ്പുള്ള കുവി
ഞെട്ടിയില്ലുറഞ്ഞ മഞ്ഞു—
കട്ടിപോലെ ഞാനിരുന്നു.

ദൂരെ ദൂരെ കന്നിൻ മുറ്റും
ക്രൂരിരുട്ടിൻ തോട്ട പൊട്ടി
അംശുബീജമൊന്നു വന്നെ-
ന്നന്തികത്തിൽ പാളിവീണോ?
ചിത്ര, മാഹാ, വീണ,വീണി-
ട്ടെത്രവേഗം നാമുവന്ന
ഞെട്ടി ഞാൻ—ചിനപ്പു പൊട്ടി-
പ്പൊട്ടിയേറുമീ വെളിച്ചം
ഏന്തി,നെന്താ,ണാരറിഞ്ഞു
ഹന്ത ഞാനൊന്നമ്പരന്നു.

മോദലോലേ ജീവിതത്തിൻ
വേദന നീയെന്തറിഞ്ഞു?
നൊന്തിടുമെൻജീവിതം നീ-
യെന്തറിഞ്ഞു ഭാഗ്യപൂർണ്ണേ?

പുഷ്യരാഗപ്പുറ്റു പൊട്ടി-
പ്പൂംപതംഗപാളി പാറി
മിന്നിടുമസ്സന്ധ്യപോലെ
മുന്നിലായ് നീ നില്പു ബാലേ!
പോള പൊട്ടിപ്പൂഗപുഷ്പ-
പാളിയൂർന്നഴിഞ്ഞപോലെ
പൂനിലാക്കതിരുതിരു-
മീ നിശയും, ചാരെ നീയും.

ജീവിതത്തിൽ നീയുഷസ്സേ
തൂവെളിച്ചം തൂവിവന്നു.

കൺമണി നീ വന്നതു തൊ–
ട്ടെന്മനസ്സിൽ പൂവിടർന്നു.
അക്കൊഴിഞ്ഞ പുക്കളുമായ്
നില്ക്കുമെന്നെ നീ മറന്നോ?
വാടി, യെന്താണെങ്കിലൊന്നു–
കൂടി നോക്കുകീ ദളങ്ങളും
നിൻനഖപാടെത്തു കൂടി
നിന്നവയാണിദ്ദളങ്ങളും !
ഞെട്ടിടാത്തതെന്തയേ നീ?
ദുഷ്ടയക്ഷിതന്നെയോ നീ?
പുഷ്പകാന്തി രൂപമേന്തി
ഞെട്ടിയ ഞാനെന്തു ഭ്രാന്തി!
അമ്മയല്ലേ ശപിയ്യാമി–
പ്പൊന്മകനെന്നമ്മയല്ലേ?
മായുകയായ് രശ്മിയെല്ലാം
ഛായാരൂപം മാത്രമായി.
എങ്കിലുമെന്നമ്മതന്നെ
എന്തിനയ്യോ, ഭീതി പിന്നെ?
"പൊന്നുമോളേ!"...കോലമയിർക്കൊ-
ണ്ടൊന്നു ഞാൻ വിളിച്ചു"തമ്മേ!"...

അക്ഷണത്തിൽ കോടി കോടി
നക്ഷത്രങ്ങളും ചേർന്നുകൂടി
വിൺമനസ്സിൻ ത്യാഗമൂറി–
പൊന്മുലപ്പാലായൊഴുകി

പ്രാണനാളനാവു പൊക്കി
ഞാനതു നുണച്ചിറക്കി.

എൻഞരമ്പിലുൺമയോടി
നെഞ്ഞിടിപ്പിന്നൂക്കുകൂടി
അമ്മയേക്കാളും മീതെയായി
ല്ലിമ്മഹിയിൽ വേറെയൊന്നും.
അമ്മ,യമ്മ മണ്ണടിഞ്ഞോ—
രമ്മ വന്നെൻ മുന്നിൽ നില്പൂ!
എന്നുമല്ലെൻ താടി പൊക്കി—
ക്കണ്ണിണയിലുമ്മവെപ്പൂ!
എന്തു ഭാഗ്യം!—എന്റെ കണ്ണിൽ
പൊന്തിവന്നു ബാഷ്പബിന്ദു.

"നിത്യവും നീയാറുവക്ക—
ത്തെത്തിടുമ്പോഴും ഞാനുമെത്തും.
ഒക്കെ ഞാനറിഞ്ഞു മോളേ,
നില്ലരുതു നീയിവിടെ,
നിന്നെയവൻ കൊല്ലു,മിന്നു—
തന്നെ പോണമെങ്കെങ്കിലും!
പാവം ചങ്കുടഞ്ഞു ചാകും
പാപം മാത്രം നീ വെറുള്ള!
നല്ലകാലം വന്നിടു,മാ—
നല്ലകാലം വന്നിടുമ്പോഴും
താഴ്മയെത്തലോടി നില്ലും
താഴ്മയാണു മേന്മയോർക്കൂ!"

ഛായ പോയി—മുന്നിൽനിന്നെൻ—
തായ പോയി കേണപോയ് ഞാൻ!
ഇന്ദുഗോപപ്പുള്ളി മിന്നു—
മന്ധകാരം പത്തി നീർത്തി
ആടലിൻ കുഴൽവിളിക്കൊ—
ത്താടിയാടി നില്പു മുന്നിൽ!
മിത്രമേ നീ നിർത്തി നൃത്തം
കൊത്തിയൊന്നു കൊല്ലുകെന്നെ!
നെഞ്ചിടിപ്പൊടുങ്ങി നാളെ—
ച്ചെഞ്ചിതയിൽ ഞാനടിഞ്ഞാൽ
എന്നെയോർത്തു കേഴാനൊന്നീ
മന്നലില്ലെനിക്കൊരാളും.
ശപ്ത ഞാ,നെൻ ജീവിതത്തിൽ
തപ്തതേ, നീ, തിന്നുകെന്നെ!
ചത്തുജീവിക്കുന്നതേക്കാളും
ചത്തിടുന്നതാണു ഭേദം.
അച്ഛൻ!—അയ്യോ ഞാൻ മരിച്ചാ—
ലച്ഛനും കരയുകില്ല.
ഹൃത്തുടയുമച്ഛന, ച്ഛ—
നക്ഷണം ചിരിച്ചുപോകും.
അച്ചിരിതൻ മുന്നിൽ നിന്നാ
രക്തയക്ഷി മത്തടിക്കും.
ഇല്ല, ചാകി,ല്ലെന്തി,നെത്തും
നല്ലകാലം—ഞാനയയും.

അമ്മ ചൊന്നതത്ഥവത്തായ്
വന്നുചേരുമോ—ഞാനയരും.
വിത്തനാഥ,നിന്നെതൊട്ടെൻ
ചിത്തനാഥൻ വിശ്വനാഥൻ!
എത്ര രമ്യനെത്ര സൗമ്യ—
നെത്ര കാമ്യനെൻറെ നാഥൻ!
എൻറെ നാഥൻ!—നിൻറെ നാഥൻ
നിൻറെ നാഥനാരു ഹേമേ?
തെറ്റി—അയ്യോ രോമഹർഷം
മുറ്റി മെയ്യിൽ—എന്തു ഗാനം!
അങ്ങു പാട്ടു,പാടിടാം ഞാ—
നങ്ങയെ വിട്ടാരു പോകും?
അംഗജോപമോജ്ജ്വലാംഗ—
നങ്ങയെ വിട്ടാരു പോകും?
മംഗളഗാനാർദ്രചിത്ത—
നങ്ങയെ വിട്ടാരു പോകും?
ഗംഗനെൻറെ പ്രാണനല്ലേ
ഗംഗനെ വിട്ടാരു പോകും?
അങ്ങെനിക്കെൻ പ്രാണനാണേ
അങ്ങയെ വിട്ടാണോ പോണേ?
പോകുകില്ലാ മാപ്പുനൽകൂ
പോകുകില്ലെന്നംബികേ ഞാൻ.

"പിന്നെ — നീ പിന്നെന്തു ചെയ്യും?"
"പിച്ചതെണ്ടി ഞാൻ കഴിയും."
"പിന്തുണയ്ക്കാരാള വേണ്ടേ?"
"പിന്തുണയ്ക്കൻഗ ഗനില്ലേ?"
"ഗംഗൻ നിന്നെക്കൈവെടിഞ്ഞാൽ?—"
"ഗംഗനു ഞാൻ ജീവനല്ലേ?"
'നിങ്ങളൊത്താൽ?' — 'ഞങ്ങളൊത്താൽ?'
"ഞങ്ങളൊത്താൽ സ്വർഗ്ഗലബ്ധി!"
സ്വർഗ്ഗലബ്ധി!—നോക്കുകെങ്ങാ—
രുഗ്രഖഡ്ഗം കാൺമിതോ നീ?

രക്തദാഹം കുത്തിടുമ—
തെത്തിനോക്കി നില്പു നിന്നെ.
നീ പറക്കൂ!—യക്ഷി യക്ഷി
കോപതപ്തൈകരാക്ഷി!
മാനസത്തിൽ തീപടർന്നു
ഞാനയർന്നു ഞാൻ പറന്നു
വിട്ടു ഞാനെൻ നാടെനിക്കെൻ—
വിശ്വനാഥൻ ചിത്തനാഥൻ.

ഞെട്ടി ഞാൻ—എൻപിന്നിലയ്യോ
മുട്ടിനില്പതെന്തു സത്വം?
മദ്യഗന്ധം—"ആരു നീ?"—"ഞാൻ
മൽപ്രിയേ നിൻ പാദദാസൻ!"

നേക്കു നില്ക്കുന്നില്ല ശീർഷം
വേണ്ടുകയാണസ്വരൂപം.
"ഓമനേ!"—ഞാനാളറിഞ്ഞു
ഭീമകാമധൂമകാമം.
വാസവൻ—ഹാ, സർവനീച—
വാസനയ്ക്കും കൃപ്രസിദ്ധൻ.
ദുഷ്ടനയ്യോ നീങ്ങിയെന്നെ—
ത്തൊട്ടിടാനായ് കൈകൾ നീട്ടി.
ബദ്ധവേഗം ചാഞ്ഞുമാറി—
ക്രുദ്ധയായി ഞാനലറി:
"നില്ലവിടെക്കീടമേ, നിൻ
നീചതയ്ക്കോരന്തമില്ലേ?
കാമകോമരം നിനക്കീ—
ന്നാ മലിനയക്ഷിയില്ലേ?
നിസ്സഹായ ബാലിക ഞാൻ
നിന്മിഴിയിൽച്ചോരയില്ലേ?
ഇന്നവം പറഞ്ഞയച്ചി—
ട്ടെന്നെ നീ വന്നാക്രമിച്ചു.
എന്നിലുയിരുള്ള നാളെൻ—
കന്യകാത്വം കാർന്നെടുക്കാൻ
പറ്റുകില്ല നിൻവിടത്വ—
ദംഷ്ടകളിളക്കുകിലും!..."

മദ്യമത്തനായിട്ടമാ
മക്കടത്തിൻ ഹൃത്തടത്തിൽ
ധർമ്മരോഷവേപിത ഞാൻ
എന്മൊഴികളം പേയിളക്കി.
'എന്തെടി മുഖത്തു നോക്കി-
യെത്ര ചൊന്ന'തെന്നിരമ്പി
എന്റെ നേക്കാത്താഞ്ഞടുത്ത
കണ്ടകൻ—ഞാൻ കണ്ണടച്ചു.
"അയ്യോ, കൊന്നേ, ദൈവമേ, ഹാ-
വയ്യെനി"ക്കീ ദീനനാദം
ഒത്തുചേർന്നടനെ ഞാനൊ-
രൊച്ച കേട്ടു ഞെട്ടി നോക്കി.
വയ്യെനിക്കെൻ ഗംഗ,നയ്യോ
കൈയിലുണ്ടൊരുഗ്രദണ്ഡം
കട്ടെകട്ടീ ചോര മണ്ണിൽ;
വെട്ടിയിട്ട തൂണുപോലെ
ദാരിതശിരസ്സുമായി
ക്രൂരരൂപപ്പാഴ്പ്പിണ്ഡംപോലെ
വാപൊളിച്ചു കൺതുറിച്ചു
വാസവൻ കിടപ്പു താഴെ...
ഭീതിദമക്കാഴ്ച കണ്ടെൻ-
ചേതനയ്ക്കു തീപിടിച്ചു.

എന്തുചൊല്ലാൻ? ശബ്ദശക്തി
ഹന്ത, യെന്നെക്കൈവെടിഞ്ഞു.
"ഹേമേ, നീയാണെന്റെ ജീവ-
നീ മഹിയിലെന്നുമെന്നും.
ചെല്ലമേ, നിനക്കു ഞാനും
നല്ലകാലം വന്നുചേരും.
നിന്നെ വിട്ടു പോകുന്ന ഞാ
നെന്നെ നീ മറക്കരുതേ!"
"ഒന്നു നിൽക്കൂ, ഗംഗ ഞാനും
വന്നിടുന്നു നിന്റെകൂടെ!"
എത്രയുറക്കെക്കേണ്ടു—ശബ്ദ-
മെത്തിയില്ലെൻനാവിൽ മാത്രം.
മിന്നൽ പോൽ മറഞ്ഞു ഗംഗൻ
പുന്നിലയ്യോ രക്തരംഗം—
എന്തുചെയ്യാൻ—തൽക്ഷണമെൻ-
ചിന്ത ചെന്നുറച്ചതൊന്നിൽ
ഇക്ഷണം തൊട്ടെന്റെ നാഥ-
നിക്ഷിതിയിൽ വിശ്വനാഥൻ.
ദീനയായ് ഞാൻ താങ്ങുകെന്നെ
ഞാനിതാ വരുന്നു നാഥാ!
ഉള്ളെരിഞ്ഞരക്ഷണത്തിൽ
കൊള്ളിമീൻപോൽ ഞാൻ പറന്നു.

പൂവിരിയും പോൽ വിളറും
പൂർവദിക്കിൻ തെക്കുവക്കിൽ
വെള്ളി വന്നു — വെള്ളിവെള്ള–
ത്തുള്ളിപോൽത്തുളുമ്പിനിന്നു.
വായുതുല്യം പൂളമിട്ടു
പായുകയാണാവിവണ്ടി
നീക്കുതട്ടു താഴ്ത്തിയിട്ടു
വീർപ്പുവിട്ടു ഞാനിരിപ്പൂ.
ഉദ്രസമാ മെത്തയിന്മേൽ
നിദ്രയാണെൻ ഹൃദ്രമണൻ.
ക്ഷുദ്രയെന്നെയുദ്ധരിക്കും
ഭദ്രനേതോ വൈശ്രവണൻ
ഷഡ്പദപ്പാദോച്ചലങ്ങ–
ളുൽപ്പലപ്പൂവല്ലികയ്പോൽ;
സ്വർണ്ണവർണ്ണ ശോഭപൂശി
മിന്നിടുമാ നെറ്റിയിന്മേൽ
കാറ്റിലാഞ്ഞുലഞ്ഞുനില്പൂ
കാർമുടിച്ചുരുൾച്ചുഴികൾ.
താണു പൊങ്ങി, താണു പൊങ്ങി–
ച്ചേണൊതുങ്ങിച്ചേർന്നിണങ്ങി,
ചെറു മങ്ങി, ച്ചെമ്പവിഴ–
പ്പുറ്റു പൊട്ടാനുറ്റുരുങ്ങി.

നിന്നുനിന്നു തിങ്ങിവിങ്ങി
നീർന്നു നീർന്നു നീങ്ങി വാങ്ങി
ശൈവലശ്രീ ചാർത്തി, ദൂരെ—
ശൈലരേഖാരാശി കാൺമൂ!—

എത്രയെത്രനാഴികകൾ—
ക്കപ്പുറത്താണെന്റെ രാജ്യം
കണ്ടിടാനിടവരുമോ?
വീണ്ടുമെന്റെ ജന്മഗേഹം?

മാനസം മേ, സംത്രസിപ്പൂ
ഞാനണവതേതുലോകം?
കൂടുവിട്ടകന്നിടാത്ത
പേടമാടപ്രാവുപോലെ,
ഇത്രനാളും ഞാൻ നാടും കുഴിച്ചൂ—
ട്ടെത്രവേഗം നാടുവിട്ടു!

ചെല്ലുവോരാ ദിക്കിലുള്ളോർ
നല്ലകൂട്ടരായിതെങ്കിൽ!
അല്ലലെന്തിനഞ്ഞെഴുന്നോർ
നല്ലകൂട്ടരായിരിക്കും!
ദീനപാലനോത്സുക ഞാൻ
ഞാനവർക്കു നന്മചെയ്യും.
നാലുനാളിനുള്ളിൽ ഞാനാ
നാട്ടുകാർതൻ പ്രാണനാകും!

ഗംഗൻ, അയ്യോ ദൈവമേ,യെൻ—
ഗംഗനെന്തു സംഭവിക്കും?
ഘാതകൻ!—ഹാ, ദൈവമേ,യെൻ—
നാഥനൊന്നും വന്നിടൊല്ലേ!...
വേണ്ടെനിക്കയർന്നീടേണ്ട—
ങ്ങാണ്ടുകൊള്ളാം ഞാനിരുളിൽ,
ചാകിലാട്ടീമാത്രയിൽ മേ
പോകണം തിരിച്ചു നാട്ടിൽ.
"വിശ്വനാഥ!"—രൂക്ഷമായീ
വിഹ്വലയായ് ഞാൻ വിളിച്ചു.
സ്വപ്നസാന്ദ്രനിദ്ര വിട്ടാ
സ്വസ്ഥചിത്തൻ ഞെട്ടിയേറ്റു,
"എന്തു ഹേമേ, നീ വിളിച്ച-
തെന്തു?—നീയുറങ്ങിയില്ലേ?"

ദുസ്സഹമാം ദുഃഖമേന്തി
നൊസ്സിയേപ്പോൽ ഞാൻ പുലമ്പി:
"നിശ്ചയ,മെനിക്കു പോണ-
മിക്ഷണം തിരിച്ചു നാട്ടിൽ.
വണ്ടിയിനി നില്ലും ദിക്കിൽ
കണ്ടുകൊള്ളു, ഞാനിരങ്ങും.
ഏകയായിക്കാൽനടയായ്—
പ്പോകുവൻ ഞാൻ പിഴച്ചുതെണ്ടി!"

മ്ളാനവക്ത്രനത്തരുണൻ
സാന്നഭാവമെന്നോടോതി:
"എന്തു ഹേമേ, നീ കഥിപ്പ-
തെന്തു പിച്ചാണോത്തുനോക്കു!
കാര്യമായ് നീ ചൊന്നതാണോ
കഷ്ടമിത്ര ബുദ്ധിയില്ലേ?
ഖിന്നതയരുതു ലേശ-
മൊന്നുകൊണ്ടും നിന്മനസ്സിൽ.
നാടുവിട്ടാലെന്തതിലി-
പ്പേടി തോന്നാനെന്തുകാര്യം?
രണ്ടുനാളിലെൻറെ നാട്ടം
നിൻറെ നാടായ്ത്തന്നെ തോന്നും
അന്തമററ ഭാഗ്യജാലം
സന്തതസപര്യമൂലം
ചേടികയംപോൽ പ്രഭോയം നിൻ
ചേവടിയിൽക്കാവൽനില്ക്കും!
അത്ര നീ കൊതിച്ചു വാഴ്ത്തും
നൃത്തവിദ്യാശിക്ഷയേകാൻ,
എത്രയോ കലാപ്രവീണർ
നിത്യമെത്തും നിന്നരികിൽ.
തത്സമത്സശിക്ഷണത്തി-
ലുത്സുകനിന്നുദ്ഗതിയിൽ,

ഉത്തമേ, രണ്ടാണ്ടിനുള്ളിൽ
നൃത്തറാണിയായിടും നീ.
കർമ്മബന്ധശക്തിയൊന്നാൽ
കൺമണി, നാമൊത്തുകൂടി;
ഒത്തുതന്നെ വാഴ്ക നമ്മം
മൃത്യുവെത്തുംനാംവരേയ്ക്കും!
നിന്നെ ഞാനെൻജീവനെപ്പോൽ–
ത്തന്നെയോർക്കുമിന്നുമെന്നും.
വീട്ടിൽ വീണ്ടും പോണമെന്നോ?
വീടു നിൻ നരകമല്ലേ?
മദ്ഗൃഹേ നിന്നാഗമാത്മം
സ്വർഗ്ഗമെത്തിക്കാത്തുനില്ലേ,
കണ്ടഭാവം കാട്ടിടാതെ
മണ്ടുകയോ മൂഢപോൽ നീ!
ശങ്കയെല്ലാം ദൂരെ മാറ്റൂ
നിൻകരളിൽ ശാന്തി ചൂടൂ!
വന്ധ്യയായ് വിധവയാമൊ–
രന്ധയാമെന്നഗ്രജയാൽ
ഓമനിക്കപ്പെട്ടവാഴ്വം
മാമകപ്രണയിനിയെ
അല്പലോഭം വന്നു തീണ്ടാൻ
ചെല്ലുമേ, നീയാഗ്രഹിക്കൂ.

തന്മൊഴിത്തേൻതുള്ളികളി–
ലെന്മനസ്സലിഞ്ഞുപോയി.
എന്തുമാട്ടെ, പോകതന്നെ
ഹന്തയെന്നാ,ലാ രഹസ്യം!...
—വെക്കമാ രഹസ്യമിപ്പോഴം
വെട്ടിവിളിച്ചോതിയാലോ?
ചാതകി ഞാനാരൊരുഗ്ര–
ഘാതകൻതൻ കൂട്ടുകാരി.
കൂട്ടുകാരി!—കേവലം നീ
കൂട്ടുകാരിമാത്രമാണോ?...
പിന്നെയല്ലേ?—വേറെയാരാ–
ണൊന്നുചൊല്ല് നിർമ്മല ഞാൻ!
നിത്യ ധൂർത്തേ, നിത്തെടീ, നിൻ
നിർമ്മലതപ്പാഴ്പ്രസംഗം...

എന്തുമാട്ടിച്ചിന്ത കത്തി
വെന്തു വെന്തു ഞാൻ മരിക്കാം.
എങ്കിലും ഞാൻ വിട്ടിടുകി–
ല്ലെൻകരം വിട്ടാ രഹസ്യം!...

വണ്ടി നിന്നു ദൂരെ, വിണ്ണിൽ
ചെണ്ടുകം വിടർന്നടർന്നു.
മഞ്ഞവെയിലിൻമാറിൽ, മൂടൽ–
മഞ്ഞലിഞ്ഞുഴിഞ്ഞു ചാഞ്ഞു.

അല്പമായ് ക്കതിർന്ന മണ്ണിൽ
സ്വപ്നകല്പസൗമ്യഗന്ധം.
തെല്ലുണിഞ്ഞലഞ്ഞണഞ്ഞു
മെല്ലെ മെല്ലെ മന്ദവാതം.
വണ്ടി പോംവഴിക്കു, വക്കിൽ
നീണ്ടുപോമപ്പാതകളിൽ,
വാലിളക്കിക്കൊക്കുരുമ്മി
വാശിയിൽ ചിലച്ചിണങ്ങി
പാറിവന്ന ചേർന്നിരിപ്പൂ
പാറമായ് പനങ്കിളികൾ!
ആവരണചിഹ്നതുല്യ-
മഗ്രഭാഗം ക്ഷുത്ത കൊമ്പും
ബന്ധിതമുഖരഘണ്ടാ-
ബന്ധുരമാം കണ്വുമായ്,
വണ്ടിയും വലിച്ചുകൊണ്ടു
മണ്ടിടുന്ന കാളകളെ,
ചാട്ടവാറടിച്ചു വേഗം
കൂട്ടിടുന്ന വണ്ടിക്കാരൻ!
രണ്ടുപാടും പാതവക്കിൽ-
ക്കണ്ടിടുമത്തോപ്പുകളിൽ
മൺകൂടുമേന്തി, നാടൻ-
മങ്കമാർ നനച്ചു നില്പൂ!

ഇമ്പമോടിയിരമ്പിയെത്തും
തുമ്പികളാലാവൃതമായ്
കാൺമൂ, കാറ്റിൽച്ചില്ലയാടി-
ക്കായിടുന്ന നാരകങ്ങളം!—

വണ്ടി നീങ്ങി—യെന്മനസ്സി-
ലിണ്ടലേൽ ചെറൊഴിഞ്ഞടങ്ങി!..

വിശ്രുതമഹാനഗരം
വിത്തനാഥൻതൻ നികേതം
വിശ്വനാഥനെന്നെറ നാഥൻ
വിത്തനാഥൻ!—പ്രഭവിയായ് ഞാൻ!
പ്രഭവിയായ് ഞാൻ മത്തടിക്കു
മൽപ്രസന്നചിത്തമേ നീ!
നൊന്തിടുന്നതിത്തറഞ്ഞ-
തെന്തു മുള്ളാണെന്മനസ്സിൽ?
പ്രഭവിതൻ മനസ്സിൽ മുള്ളോ?
ചിത്തമില്ലേ? നീ ചിരിക്കു!
വീടുവിട്ടിറങ്ങണമോ?
മോടിയേറും കാറു നില്പൂ!
എത്രപേരാണെത്തി വ്വാക്കൊ-
പൊത്തി നില്പതെന്നരികിൽ!
കാൽ തിരുമ്മാൻ, കൈതുടയ്ക്കാൻ
കാർമുടി പകുത്തു കെട്ടാൻ

എണ്ണതേപ്പിച്ചെന്നടലിൽ
സ്വർണ്ണ വർണ്ണ മാറുകൂട്ടാൻ
പൂന്തുകിൽ ഞെറിഞ്ഞു ചാർത്താൻ
താന്തതകൃം വീശിയാറാറാൻ
എന്നുവേണ്ടിന്നെന്തിനുമെൻ–
മുന്നിലെത്തു കിങ്കരിമാർ!
മോടിക്കൂടി ധാടിക്കൂടി
നാടൻപെണ്ണൊരപ്സരസ്സായ്!
ബുദ്ധിയെന്നെക്കീഴടക്കി–
മുഗ്ദ്ധ ഞാൻ പ്രഗത്ഭയായി!

(അപൂർണ്ണം)